**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 755** **11-06-2024 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പുരപ്പുറ സോളാർ പദ്ധതിക്കായി ഇതുവരെ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്രപേർ സോളാർ നിലയം സ്ഥാപിച്ചിട്ടുണ്ടെന്നും ഉപയോഗം കഴിഞ്ഞ് എത്ര യൂണിറ്റ് വൈദ്യുതി ഗ്രിഡിലേക്ക് ലഭിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | 'സൗര' പദ്ധതിയുടെ കീഴിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന 1,46,560 പേരും, നാഷണൽ പോർട്ടലിൽ 2,22,586 പേരും ഇതുവരെ പുരപ്പുര സോളാർ പദ്ധതിക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ1.44 ലക്ഷം പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ കേരളത്തിൽ സ്ഥാപിച്ചിട്ടുണ്ട്.<br><br>ഉപയോഗം കഴിഞ്ഞു ഗ്രിഡിൽ ലഭിച്ച വൈദ്യുതിയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം (1)** ആയി ചേർക്കുന്നു. |
| (ബി) | ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിക്ക് നിലവിൽ കെ.എസ്.ഇ.ബി. നിശ്ചയിച്ചിട്ടുള്ള നിരക്ക് (ഫീഡ് ഇൻ താരിഫ്) എത്രയാണെന്നും ഏത് വർഷം മുതലാണ് ഈ നിരക്ക് പ്രാബല്യത്തിലായതെന്നും വിശദമാക്കാമോ; | (ബി) | സോളാർ ഉപഭോക്താക്കൾ ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിക്ക് നിരക്കുകൾ നിശ്ചയിക്കുന്നത് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ആണ്. 2017-18 സാമ്പത്തിക വർഷം മുതലാണ്, കമ്മീഷൻ സോളാർ ഉപഭോക്താക്കളുടെ വാർഷിക സെറ്റിൽമെന്റ് യൂണിറ്റിന് നിരക്കുകൾ നിശ്ചയിച്ചു തുടങ്ങിയത്.<br><br>സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ **23.02.2023**-ലെ ഉത്തരവ് പ്രകാരം **2022-23** സാമ്പത്തിക വർഷത്തിൽ 'ഓൺ ഗ്രിഡ്' സോളാർ പദ്ധതി പ്രകാരം ലഭ്യമായ വൈദ്യുതിക്ക് യൂണിറ്റ് ഒന്നിന് **2.69** രൂപയാണ് നൽകിയത്. **2023-24**-ലെ നിരക്ക് സംബന്ധിച്ച ഉത്തരവ് റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്ക് സോളാർ ഉപഭോക്താക്കൾക്ക് ഉടൻ തന്നെ തുക നൽകുന്നതായിരിക്കും. |
| (സി) | പുരപ്പുറ സോളാറിൽ നിന്നുള്ള റിന്യൂവബിൾ എനർജിക്ക് സംസ്ഥാന സർക്കാർ ഇലക്ട്രിസിറ്റി ഡ്യൂട്ടി ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | **1963**-ലെ കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് പ്രകാരം, സ്വയം ഉത്പാദിപ്പിച്ച് ഉപയോഗിക്കുന്ന വൈദ്യുതിക്ക് ഡ്യൂട്ടി ഈടാക്കുന്നുണ്ട്. ഇതിന്റെ നിരക്ക് **2024-25**-ലെ ധനകാര്യ ബിൽ പ്രകാരം യൂണിറ്റൊന്നിന് **1.2** പൈസയിൽ നിന്നും **15** പൈസ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ സൗരോർജ്ജ സ്രോതസ്സ് ഉപയോഗിച്ച് വൈദ്യുതി സ്വന്തമായി ഉത്പാദിപ്പിച്ച് |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്നവരെ ഒഴിവാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം (1)

(എ)

| 2023-24-[illegible]സോളാർ ബാങ്ക്ഡ് യൂണിറ്റ് - ജില്ല തിരിച്ച് (As on 1-4-24) | | | | |
|---|---|---|---|---|
| | | ഹൈ ടെൻഷൻ | ലോ ടെൻഷൻ | ആകെ യൂണിറ്റ് |
| ആലപ്പുഴ | റൂഫ് ടോപ്പ് | 2065.25 | 8097617.241 | 8099682.491 |
| എറണാകുളം | റൂഫ് ടോപ്പ് | 522159.25 | 24899329.885 | 25421489.135 |
| ഇടുക്കി | റൂഫ് ടോപ്പ് | 1196 | 1025837.886 | 1027033.886 |
| കണ്ണൂർ | റൂഫ് ടോപ്പ് | 42082.25 | 8641590.791 | 8683673.041 |
| കൊല്ലം | റൂഫ് ടോപ്പ് | 818 | 7135199.436 | 7136017.436 |
| കോട്ടയം | റൂഫ് ടോപ്പ് | 49040 | 6417862.932 | 6466902.932 |
| മലപ്പുറം | റൂഫ് ടോപ്പ് | 62644.5 | 7540968.398 | 7603612.898 |
| പാലക്കാട് | റൂഫ് ടോപ്പ് | 18196.25 | 7511091.741 | 7529287.991 |
| പത്തനംതിട്ട | റൂഫ് ടോപ്പ് | 36429.5 | 4804251.114 | 4840680.614 |
| തിരുവനന്തപുരം | റൂഫ് ടോപ്പ് | 113435.5 | 15558173.35 | 15671608.85 |
| തൃശൂർ | റൂഫ് ടോപ്പ് | 34978.5 | 18808548.728 | 18843527.228 |
| വയനാട് | റൂഫ് ടോപ്പ് | 21402 | 555797.697 | 577199.697 |
| കാസർകോട് | റൂഫ് ടോപ്പ് | | 2686452.538 | 2686452.538 |
| കോഴിക്കോട് | റൂഫ് ടോപ്പ് | | 6433155.589 | 6433155.589 |
| | | | | |
| | ആകെ | 904447.00 | 120115877.326 | 121020324.326 |

സെക്ഷൻ ഓഫീസർ